I/86670/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി I A S)

വിഷയം:- വനിത ശിശു വികസന വകുപ്പ് – സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന 'സഹായ ഹസ്തം' പദ്ധതി- 2022-23 –ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ(സാ.ധാ) നം.406/2020/സാ.നീ.വ തീയതി 18/08/2020
2. വനിതാ ശിശു വികസന ഡയറക്ടറുടെ 25/06/2022, 30/12/2022 തീയതികളിലെ ഇതേ നം. സർക്കുലർ
3. പത്തനംതിട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 28/02/2023 ലെ WCD/PTA/A2/1251/22 നം. കത്ത്.
4. കാസർഗോഡ് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 20/02/2022 ലെ DWCDO/KSD/A5-1813/2022 നം. കത്ത്

**ഉത്തരവ് നം.DWCD/1870/2022-WEC2 തീയതി: 17-03-2023**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതിയായ 'സഹായ ഹസ്തം' പദ്ധതി പ്രകാരം ഒരാൾക്ക് 30000 /-രൂപ ക്രമത്തിൽ ഒറ്റത്തവണ ധനസഹായമായി ഒരു ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 10 ഗുണഭോക്താക്കൾ എന്ന രീതിയിൽ 14 ജില്ലകളിൽ നിന്നും 140 പേർക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് 42,00,000/- രൂപ (നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അധ്യക്ഷനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് & ഇവാല്യുവേഷൻ കമ്മിറ്റി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേര് വിവരം ഉൾപ്പെടുന്ന ലിസ്റ്റ് ചുവടെ വിവരിക്കുന്ന പ്രകാരം പരാമർശം(3) മുതൽ(4) വരെ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | ജില്ല | ശുപാർശ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | ആവശ്യപ്പെട്ട തുക |
|---|---|---|---|
| 1 | പത്തനംതിട്ട | 3 | 90000 |
| 2 | കാസർഗോഡ് | 4 | 120000 |
| | ആകെ | 7 | 2,10,000 |

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 'സഹായ ഹസ്തം' പദ്ധതിയ്ക്കായി 2,10,000/- രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ചുവടെ വിവരിയ്ക്കുന്ന പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തവാകുന്നു.

I/86670/2023

| ക്രമ നം. | ജില്ല | ആവശ്യപ്പെട്ട തുക | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | പത്തനംതിട്ട | 90000 | 90000 |
| 2 | കാസർഗോഡ് | 120000 | 120000 |
| | **ആകെ** | | 2,10,000 |

ഇതിലേയ്ക്കാവശ്യമായ ആകെ 2,10,000/- രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്. തുക വിനിയോഗം സംബന്ധിച്ച് ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

പരാമർശം (1) സർക്കാർ ഉത്തരവിനും പരാമർശം (2) സർക്കുലറിനും വിധേയമായി മാത്രമെ ധനസഹായം അനുവദിച്ച് നൽകാവൂ. തെരഞ്ഞെടുത്ത ഗുണഭോക്തക്കളുമായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ എഗ്രിമെന്റ് വച്ചതിന് ശേഷം ധനസഹായം ഗുണഭോക്താവിന് അനുവദിച്ച് നൽകേണ്ടതാണ്. ആരംഭിക്കുന്ന തൊഴിൽ സംരംഭം സംബന്ധിച്ച ലഘുവിവരവും തൊഴിൽ സംരംഭം 5 വർഷമെങ്കിലും തുടരുമെന്ന വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. പരാമർശം (2) സർക്കുലറിലെ മറ്റ് നിബന്ധനകൾ പാലിക്കേണ്ടതാണ്.

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരും ഗുണഭോക്താവിന്റെ പേര് വിവരം, തൊഴിൽ സംരംഭം എന്നിവ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ധനവിനിയോഗ സാക്ഷ്യപത്രം എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർ
പത്തനംതിട്ട, കാസർഗോഡ്

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട്, എ സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/ സ്പെയർ

**Signed by Priyanka G**
**Date: 17-03-2023 07:59:30**